**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **18-01-2021 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ ഈ വർഷത്തെ എസ്.എസ്.എൽ.സി., പ്ലസ് ടു പൊതുപരീക്ഷ എപ്രകാരം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (എ) | 2021 മാർച്ച് 17 ന് ആരംഭിച്ച് മാർച്ച് 30 ന് അവസാനിക്കുന്ന രീതിയിലാണ് എസ്.എസ്.എൽ.സി. പരീക്ഷ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം കോവിഡ് 19 പശ്ചാത്തലത്തിൽ മാറ്റി വയ്ക്കപ്പെട്ട 3 പരീക്ഷകൾ പിന്നീട് നടത്തിയപ്പോൾ പരീക്ഷ എഴുതുന്ന എല്ലാവർക്കും മാസ്ക്, പരീക്ഷാഹാളിലേക്ക് പ്രവേശിക്കുന്നതിനു മുൻപായി തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധന, പരീക്ഷാ ജോലികളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ധരിക്കുവാൻ ഗ്ലൗസ് എന്നിവ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമാക്കി കുറ്റമറ്റ രീതിയിൽ പരീക്ഷ നടത്തിയിരുന്നു. കോവിഡ് 19 പശ്ചാത്തലത്തിൽ ഈ വർഷവും ഇതേ രീതിയിൽ കോവിഡ് പ്രോട്ടോക്കോൾ പ്രകാരവും കർശന ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും പരീക്ഷ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ അദ്ധ്യയന വർഷം കുട്ടികൾക്ക് ക്ലാസ്സ് റൂം പഠനത്തിനുള്ള അവസരം തുലോം കുറവായിരുന്നു എന്നതും ഓൺലൈനിലൂടെ നടത്തിയ ക്ലാസ്സുകളിൽ സിലബസ്സ് പൂർത്തിയാക്കുന്നതിന് സാധിക്കാത്തതും പ്രത്യേകം പരിഗണിക്കുമോ; | (ബി) | ഓൺലൈനിലൂടെ നടത്തിയ ക്ലാസ്സുകൾ ഉൾപ്പെടുന്ന സിലബസ് അനുസരിച്ച് ഊന്നൽ മേഖല നിശ്ചയിച്ചിട്ടുണ്ട്. ആയത് പരിഗണിക്കുന്നതാണ്. |
| (സി) | പൊതുപരീക്ഷ വിദ്യാർത്ഥികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകാത്ത രീതിയിൽ നടത്തുന്നതിനും പരീക്ഷ നടത്തിപ്പിലൂടെ കോവിഡ് വ്യാപനം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ? | (സി) | ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ